പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6028 — 07/07/2014- ൽ മറുപടിക്ക്

## കുളമ്പുരോഗബാധിതരായ കന്നുകാലികളുടെ അനധികൃത കടത്ത്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്.ശർമ്മ:<br>ശ്രീ എ. പ്രദീപ് കുമാർ:<br>ശ്രീ.എസ്. രാജേന്ദ്രൻ:<br>ശ്രീ. കെ.വി.അബ്ദുൾ ഖാദർ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) അന്യസംസ്ഥാനത്തു നിന്നും കുളമ്പുരോഗം ബാധിച്ച കന്നുകാലികളെ മാംസാവശ്യത്തിനായി സംസ്ഥാനത്ത് എത്തിക്കുന്നത് തടയാൻ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | എ) കേരളത്തിൽ 8 ജില്ലകളിലായി മൃഗസംരക്ഷണ വകുപ്പിന്റെ 18 ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ 7 എണ്ണം പാലക്കാട് ജില്ലയിലും, 3 എണ്ണം ഇടുക്കി ജില്ലയിലും,2 എണ്ണം കാസർഗോഡ് ജില്ലയിലും, 2 എണ്ണം വയനാട് ജില്ലയിലും, തിരുവനന്തപുരം, കൊല്ലം, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഓരോ ചെക്ക്പോസ്റ്റ് വീതവും ആണ് സ്ഥിതി ചെയ്യുന്നത്. 2004 മുതൽ കേരളത്തിൽ നടപ്പിലാക്കുന്ന ഗോരക്ഷ പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് മൃഗസഞ്ചാര നിയന്ത്രണം. രോഗ നിരീക്ഷണത്തിന്റെയും, രോഗ നിയന്ത്രണത്തിന്റെയും ഭാഗമായി അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന കന്നുകാലികളെ പരിശോധനക്ക് ചെക്ക് പോസ്റ്റുകളിൽ വിധേയമാക്കുകയും ചുവന്ന അടയാള കമ്മൽ ഇടുകയും ചെയ്യുന്നു. മൃഗങ്ങളെ ഏതു പ്രദേശത്ത് നിന്നാണോ കൊണ്ടുവന്നിട്ടുള്ളത് ആ പ്രദേശത്തെ |

| | | |
|---|---|---|
| | | വെറ്ററിനറി സർജ്ജന്റെ **21** ദിവസം മുമ്പുള്ള വാക്സിനേഷൻ സർട്ടിഫിക്കറ്റ് പരിശോധിച്ച മാത്രമേ മൃഗങ്ങളെ കടത്തിവിടുകയുള്ളൂ. മാത്രമല്ല കുളമ്പുരോഗ പ്രതിരോധ വാക്സിൻ എല്ലാ മൃഗങ്ങൾക്കും നൽകുകയും ചെയ്യുന്നു. പരിശോധനയിൽ രോഗം സംശയിക്കപ്പെടുന്ന ഉരുക്കളിൽ നിന്ന് രക്ത സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നുണ്ട്. രോഗബാധയുള്ള ഉരുക്കളെ കേരളത്തിലേയ്ക്ക് കടത്തിവിടാതെ തിരിച്ചയയ്ക്കുന്നുണ്ട്. |
| ബി) | ചെക്ക്പോസ്റ്റുകളിലെ പരിശോധന കുറ്റമറ്റതാക്കി കുളമ്പുരോഗം പടരുന്നത് തടയാൻ കാര്യക്ഷമമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | ബി) കുളമ്പുരോഗ ബാധ റിപ്പോർട്ടുചെയ്യുന്ന സമയത്ത് അതിർത്തി ചെക്ക് പോസ്റ്റുകൾ വഴി കൊണ്ടു വരുന്ന കന്നുകാലികൾക്ക് രോഗനിർണ്ണയ പരിശോധന കർശനമാക്കിയിട്ടുണ്ട്. പരിശോധനയിൽ രോഗബാധിതരായ കാലികളെ കണ്ടെത്തിയാൽ അവയെ തിരിച്ചയയ്ക്കാറുണ്ട്. കന്നുകാലികളെ സംസ്ഥാനത്തിനകത്തേക്ക് കൊണ്ടു വരുന്ന വാഹനങ്ങൾ അണുനശീകരണത്തിനു വിധേയമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കന്നുകാലികളുടെ രക്ത സാമ്പിളുകൾ റാൻഡം ആയി ശേഖരിച്ച് ജില്ലാ റീജീയണൽ ലാബിൽ പരിശോധനയ്ക്കായി അയയ്ക്കാറുണ്ട്. കന്നുകാലികളെ ഏതു സ്ഥലത്തു നിന്നാണ് കൊണ്ടുവരുന്നതെന്നും, ആ സ്ഥലങ്ങളിൽ മൃഗങ്ങൾക്ക് രോഗബാധയില്ലായെന്നും, കൊണ്ടുവരുന്ന കന്നുകാലികൾക്ക് കുളമ്പുരോഗ പ്രതിരോധ കുത്തിവെയ്പ്പെടുത്തിട്ടുണ്ടെന്നുമുള്ള വെറ്ററിനറി ഡോക്ടറുടെ തീയതിയോടു കൂടിയുള്ള സർട്ടിഫിക്കറ്റുള്ള മൃഗങ്ങളെ മാത്രമാണ് സംസ്ഥാനത്തിനകത്തേക്ക് കടത്തിവിടുന്നത്. അല്ലാത്തവയെ തിരിച്ചയക്കാറുണ്ട്. **2013** ആഗസ്റ്റുമാസം മുതൽ സംസ്ഥാനത്ത് പൊട്ടിപ്പുറപ്പെട്ട കുളമ്പുരോഗം നിയന്ത്രിക്കുന്നതിന്റെ |

ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ ചെക്കുപോസ്റ്റുകളും 1.10.2013 മുതൽ താൽക്കാലികമായി 10 ദിവസത്തേയ്ക്ക് അടച്ചിടുകയുണ്ടായി. അതിനു ശേഷം നിബന്ധനയോടുകൂടി കന്നുകാലികളെ കടത്തിവിടുകയും പരിശോധന കർശനമാക്കുകയും ചെയ്തു. ഇത് ഒരളവുവരെ കുളമ്പു രോഗം നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു. ചെക്ക് പോസ്റ്റുകൾ 4.12.2013 മുതൽ വീണ്ടും താൽക്കാലികമായി അടച്ചിടുകയും ചെയ്തു. 9.1.2014 വ്യാഴാഴ്ച്ച വൈകിട്ട് 3 മണിമുതൽ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കേരളത്തിലെ തെരഞ്ഞെടുത്ത 5 ചെക്ക് പോസ്റ്റുകൾ വഴി മാത്രമാണ് കന്നുകാലികളെ കൊണ്ടുവരുന്നതിന് അനുമതി നൽകിയിരുന്നത്.

[signature]

സെക്ഷൻ ഓഫീസർ